കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - **22/03/2016 - ലെ സർക്കാർ ഉത്തരവ് (സാധാ)നം. 1310/2016/**തസ്വഭവ - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം. 1386/2016/തസ്വഭവ തിരുവനന്തപുരം, തീയതി, 31/03/2016

പരാമർശം - (1) സർക്കാരിന്റെ **22/03/2016 - ലെ സ.ഉ.(സാധാ)നം. 1310/2016/**തസ്വഭവ നമ്പർ ഉത്തരവ്

(2) കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 28/3/2016-ലെ CCPC16-33928/14 നമ്പർ കത്ത്.

(3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 30/03/2016-ലെ 3.36 നമ്പർ തീരുമാനം.

**ഉത്തരവ്**

കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ 2015-16 വർഷം നടപ്പിലാക്കാൻ സാധിക്കാത്ത പ്രവൃത്തികൾ (എസ്.25/16) നിന്നും വികസന ഫണ്ട് 3 കോടി രൂപ എസ്.23/16 പള്ളുരുത്തി 40 അടി റോഡ് സ്ഥലമെടുപ്പ് എന്ന പദ്ധതിയിലേയ്ക്ക് മാറ്റുന്നതിന് പരാമർശം (1)-ലെ ഉത്തരവ് പ്രകാരം അനുമതി നല്കിയിരുന്നു. പരാമർശം (2)-ലെ കത്ത് പ്രകാരം പ്രസ്തുത പദ്ധതി സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി ഇൻഫർമേഷൻ കേരള മിഷന് അപേക്ഷ നല്കിയതായും എന്നാൽ ഇക്കാര്യത്തിൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനംകൂടി ലഭ്യമാക്കണമെന്ന് ഇൻഫർമേഷൻ കേരള മിഷനിൽ നിന്നും അറിയാൻ കഴിഞ്ഞുവെന്നും ആയതിനാൽ മേൽ വിഷയം കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ സമർപ്പിക്കണമെന്നും അനുകൂലമായ തീരുമാനം ഉണ്ടാകണമെന്നും കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (3)-ലെ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ 2015-16 വർഷം നടപ്പിലാക്കാൻ സാധിക്കാത്ത പ്രവൃത്തികൾ (എസ്.25/16) നിന്നും വികസന ഫണ്ട് 3 കോടി രൂപ എസ്.23/16 പള്ളുരുത്തി 40 അടി റോഡ് സ്ഥലമെടുപ്പ് എന്ന പദ്ധതിയിലേയ്ക്ക് മാറ്റുന്നതിന് ജി.ഒ. പ്രോജക്ട് ആയി പരിഗണിച്ച് അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം (1) -ലെ ഉത്തരവ് മേൽപ്പറഞ്ഞ രീതിയിൽ ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
ഗവൺമെന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ (എ&ഇ), തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- നഗരകാര്യ സെക്രട്ടറിയുടെ പി.എ-യ്ക്ക്